**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 404** — **20-03-2025 - ൽ മറുപടിയ്ക്ക്**

**ഹെൽത്ത് ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഹെൽത്ത് ടൂറിസം ഹബ്ബാക്കി പരിവർത്തനപ്പെടുത്താനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഹെൽത്ത് ടൂറിസം പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര വകുപ്പ് ആയുർവേദ ചികിത്സാരീതിയെ പ്രചരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>വിനോദസഞ്ചാര വകുപ്പ് ആയുർവേദ സെന്ററുകൾക്ക് അവയുടെ പ്രവർത്തനസൗകര്യങ്ങൾ വിലയിരുത്തി ആയുർസിൽവർ, ആയുർഗോൾഡ്, ആയുർഡയമണ്ട് എന്നിങ്ങനെ ക്ലാസിഫിക്കേഷൻ നടപ്പാക്കിയിട്ടുണ്ട് . കേരള ടൂറിസം പങ്കെടുക്കുന്ന വിദേശ ആഭ്യന്തര ടൂറിസം ഫെയറുകളിൽ ആയുർവേദത്തെ പ്രത്യേക തീം ആയി എടുത്ത് സ്റ്റാളുകൾ ഒരുക്കാറുണ്ട് . കൂടാതെ ആയുർവേദത്തിന്റെ പ്രചരണാർത്ഥം പ്രത്യേക ബ്രോഷറുകൾ തയ്യാറാക്കുകയും പ്രത്യേക വീഡിയോകൾ നിർമ്മിച്ച് സഞ്ചാരികൾക്കിടയിൽ പ്രചരണം നൽകുകയും ചെയ്തുവരുന്നു.<br><br>കൂടാതെ ഹെൽത്ത് ടൂറിസത്തിന്റെ ഭാഗമായി ഇന്ത്യ സന്ദർശിക്കാനാഗ്രഹിക്കുന്ന വിനോദസഞ്ചാരികൾക്കായി നൽകിവരുന്ന ആയുഷ് വിസ (AYUSH VISA) ലഭിക്കുന്നതിനുള്ള വെബ്സൈറ്റിന്റെ ലിങ്ക് കേരള ടൂറിസത്തിന്റെ വെബ് സൈറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. (https://www.keralatourism.org/visa-information/)<br><br>ആയുർവേദത്തിനൊപ്പം മോഡേൺ മെഡിസിന് ഉൾപ്പെടെ മറ്റു ചികിത്സാരംഗത്തേയ്ക്കും വിദേശികൾ എത്തിച്ചേരാറുണ്ട്. ഇതിനുള്ള പ്രവർത്തനങ്ങളും ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്നു . |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ലക്ഷ്യത്തോടെയുള്ള പ്രചരണങ്ങൾ വിദേശത്തുൾപ്പെടെ നടപ്പാക്കുന്നതിന് പദ്ധതികൾ വികസിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കേരളത്തിൽ മെഡിക്കൽ ടൂറിസത്തിലേയ്ക്ക് വിദേശികളെ ആകർഷിക്കുന്നതിനുള്ള പ്രചരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഒരു ടൂറിസം ഉത്പന്നം എന്ന നിലയിൽ ആയുർവേദത്തിന് വിനോദ സഞ്ചാരികൾക്കിടയിൽ പ്രചാരം നൽകാൻ നിരവധി നടപടികൾ ടൂറിസം വകുപ്പ് സ്വീകരിച്ചിട്ടുണ്ട് . ഇതിന്റെ ഭാഗമായി കേരള ടൂറിസം പങ്കെടുക്കുന്ന വിദേശ ആഭ്യന്തര ടൂറിസം ഫെയറുകളിൽ ആയുർവേദത്തെ പ്രത്യേക തീം ആയി എടുത്ത് സ്റ്റാളുകൾ ഒരുക്കാറുണ്ട്. കൂടാതെ ആയുർവേദത്തിന്റെ പ്രചരണാർത്ഥം പ്രത്യേക ബ്രോഷറുകൾ തയ്യാറാക്കുകയും പ്രത്യേക വീഡിയോകൾ നിർമ്മിച്ച് സഞ്ചാരികൾക്കിടയിൽ പ്രചരണം നൽകുകയും ചെയ്തു വരുന്നു. ടൂറിസം വകുപ്പ് നടപ്പാക്കിയ ആയുർവേദ കേന്ദ്രങ്ങൾക്കുള്ള ക്ലാസ്സിഫിക്കേഷൻ പദ്ധതിയും സംസ്ഥാനത്ത് ഹെൽത്ത് ടൂറിസം വികസനം ലക്ഷ്യമിട്ട് നടപ്പാക്കിയതാണ് . ടൂറിസം വകുപ്പിന്റെ ക്ലാസ്സിഫിക്കേഷൻ മൂലം ആയുർവേദ മെഡിക്കൽ ടൂറിസത്തിന്റെ ഗുണനിലവാരം വർദ്ധിക്കുകയും നിരവധി ടൂറിസ്റ്റുകൾ ഉൾപ്പെടെയുള്ളവർ ആയുർവേദത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തുകയും ചെയ്യുന്നുണ്ട് . ആയുർവേദം കൂടാതെ മോഡേൺ മെഡിസിന്റെ ഭാഗമായി ധാരാളം വിദേശികൾ ഉൾപ്പെടെ കേരളത്തിൽ എത്തിച്ചേരുന്നുണ്ട്. |
| (സി) | വിദേശികൾക്ക് കേരളത്തിൽ ചികിത്സാസൗകര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (സി) | വിനോദസഞ്ചാര വകുപ്പ് ആയുർവേദ സെന്ററുകൾക്ക് അവയുടെ പ്രവർത്തന സൗകര്യങ്ങൾ വിലയിരുത്തി ആയുർസിൽവർ, ആയുർഗോൾഡ് , ആയുർഡയമണ്ട് എന്നിങ്ങനെ ക്ലാസിഫിക്കേഷൻ നടപ്പാക്കിയിട്ടുള്ളതും അവയുടെ പ്രചരണം കേരള ടൂറിസത്തിന്റെ ഒഫിഷ്യൽ വെബ്സൈറ്റിൽ നൽകിവരികയും ചെയ്തുവരുന്നു. കൂടാതെ ദേശീയ അന്തർദേശീയ മേളകളിലും ബി ടു ബി മീറ്റുകളിലും ആയുർവേദ സെന്ററുകളെ പങ്കെടുപ്പിച്ച് അന്താരാഷ്ട്ര നിലവാരത്തിൽ വിപണനമൊരുക്കുന്നുണ്ട്. |
| (ഡി) | ഡിജിറ്റൽ ഹെൽത്ത് ടൂറിസം ആൻഡ് ഓൺലൈൻ മാർക്കറ്റിംഗ് രംഗത്ത് ഉണ്ടായിട്ടുള്ള പുരോഗതികൾ വ്യക്തമാക്കുമോ? | (ഡി) | ഹെൽത്ത് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് ഡിജിറ്റൽ മാർക്കറ്റിംഗും സജീവമാണ്. സോഷ്യൽ മീഡിയാ പ്ലാറ്റ്ഫോമുകളിൽ കേരള ടൂറിസം ഔദ്യോഗികമായി തന്നെ പ്രചരണ പ്രവർത്തനം സംഘടിപ്പിക്കുന്നു. അതോടൊപ്പം സ്വകാര്യ സംരംഭകരും സ്വന്തം നിലയിൽ ക്യാമ്പയിനുകൾ സംഘടിപ്പിക്കാറുണ്ട് . |

സെക്ഷൻ ഓഫീസർ